**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 152** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ചികിത്സാ പിഴവ് സംഭവിച്ചതുമായി ബന്ധപ്പെട്ട പരാതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചികിത്സാ പിഴവ് സംഭവിച്ചതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്മേൽ എത്ര അന്വേഷണങ്ങൾ നടന്നു വരുന്നുണ്ടെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചികിത്സാപിഴവുമായി ബന്ധപ്പെട്ട് 15 പരാതികൾ ലഭിച്ചിട്ടുണ്ട് .

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ സർജറി ചെയ്ത രോഗിയുടെ കാലിൽ പുഴു കണ്ടെത്തിയെന്ന ആരോപണത്തെ തുടർന്ന് അന്വേഷണ സമിതിയുടെ പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓർത്തോ വിഭാഗത്തിലെ സീനിയർ റസിഡന്റിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സാപിഴവിലെ തുടർന്ന് രോഗി മരണപ്പെട്ടതുമായി സംഭവത്തിന്മേൽ അന്വേഷണ കമ്മീഷൻ രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

കോഴിക്കോട് IMCH ആശുപത്രിയിൽ പ്രസവ സംബന്ധമായ ചികിത്സയിൽ ചികിത്സാപിഴവ് നേരിട്ടു എന്നാരോപിച്ച് ലഭ്യമായ പരാതിയിന്മേൽ അന്വേഷണ കമ്മീഷൻ രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജിയിൽ 4 മാസം പ്രായമായ കുഞ്ഞിന് മരുന്ന് മാറി നൽകിയ സംഭവത്തിന്മേൽ നടത്തിയ പ്രാഥമിക അന്വഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റിനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്

കൊല്ലം ജില്ലയിൽ ചികിത്സാപിഴവുമായി ബന്ധപ്പെട്ട് ലഭിച്ച 5 പരാതികളിൽ 3 പരാതികൾ ആഭ്യന്തര വകുപ്പിലെ സർക്കുലർ പ്രകാരം വിദഗ്ധ സമിതിയുടെ (Expert Panel) പരിഗണനയ്ക്കായി സമർപ്പിക്കേണ്ട കേസുകളായതിനാൽ അടുത്ത വിദഗ്ധ സമിതി യോഗത്തിൽ പരിഗണിക്കുന്നതാണ്.

ശേഷിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടന്നു വരുന്നു .

**സെക്ഷൻ ഓഫീസർ**